No. 61/Est/2017

ഭരണഭാഷ – മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-5215/13/സിഇ/തസ്വഭവ

തീയതി : 12.05.2017

## സർക്കുലർ

വിഷയം:- മോട്ടോർ വാഹന വകുപ്പ് - റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ - സംബന്ധിച്ച്.

സൂചന :- ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്ത് സി1/308/2017/റ്റി.സി തീയതി 04.05.2017

റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പല വാഹനങ്ങളും മോട്ടോർ വാഹന നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യുകയോ നിയമാനുസൃതമായ ടാക്സ്, പെർമിറ്റ്, ഫിറ്റ്നസ് എന്നിവ കരസ്ഥമാക്കുകയോ ചെയ്യാത്ത വാഹനങ്ങളാണെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ഒരു സാമൂഹ്യ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇത്തരം വാഹനങ്ങളെ മോട്ടോർ വാഹന വകുപ്പ് പലപ്പോഴും പരിശോധനയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ആയത് ഗുരുതരമായ നിയമലംഘനമായതിനാൽ ഇത്തരം വാഹനങ്ങൾ ആവശ്യമായ രജിസ്ട്രേഷൻ ടാക്സ്, പെർമിറ്റ് എന്നിവ 31.05.2017 നു മുമ്പ് കരസ്ഥമാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. അതിനു ശേഷം നിയമാനുസൃതമായ രേഖകൾ കൈവശമില്ലാത്ത ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർവാഹന നിയമ പ്രകാരം നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചിട്ടുട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ നിയമാനുസൃതമായിരിക്കണം എന്ന നിർദ്ദേശം ഈ വകുപ്പിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥർക്കും നൽകുന്നു.

ചീഫ് എൻജിനീയർ

ജിക